# പതിമൂന്നാംകേരള നിയമസഭ

## എട്ടാം സമ്മേളനം

## നക്ഷത്രചിഹ്നമിട്ട ചോദ്യം നം.301    09.04.2013 – ൽ മറുപടിക്ക്

## ദേശീയപാതയോരങ്ങളിലുള്ള ഭൂമി ഉപയുക്തമാക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി. കെ. സദാശിവൻ<br>,, കോടിയേരി ബാലകൃഷ്ണൻ<br>,, സി. കൃഷ്ണൻ<br>,, പുരുഷൻ കടലുണ്ടി | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) ദേശീയപാതയോരങ്ങളിൽ റോഡു വികസനാവശ്യങ്ങൾ കഴിച്ചുള്ള ഭൂമി മറ്റു വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ദേശീയപാത അതോറിറ്റിയുടെ അധീനതയിലുള്ള ദേശീയപാതകളുടെ വശങ്ങളിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കുവാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. എന്നാൽ പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള സ്റ്റേറ്റ് ഹൈവേകൾ, മറ്റു പ്രധാന റോഡുകൾ എന്നിവയുടെ വശങ്ങളിൽ ഉപയോഗിക്കപ്പെടാതെ കിടക്കുന്ന സർക്കാർ ഭൂമിയിൽ (ഓക്സ്ബോ ലാന്റ്) , ദീർഘദൂര യാത്രക്കാർക്ക് പ്രയോജനകരമായ വഴിയോര വിശ്രമ കേന്ദ്രങ്ങൾ ഒരുക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു. |
| (ബി) എങ്കിൽ ഏതു തരത്തിലുള്ള വികസന പ്രവർത്തനങ്ങളാണ് ഉദ്ദേശിക്കുന്നത്;<br>(സി) പ്രസ്തുത വികസന പ്രവർത്തനങ്ങൾ സ്വകാര്യപങ്കാളിത്തത്തോടെ നടപ്പിലാക്കാനാണോ ഉദ്ദേശിക്കുന്നത്; എങ്കിൽ പ്രസ്തുത നടപടിയിലൂടെ സർക്കാർ ഭൂമി സ്വകാര്യവ്യക്തികളിലെത്തുന്നതിന് ഇടയാക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) & (സി) കേന്ദ്രഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ മാനദണ്ഡങ്ങൾക്കനുസൃതമായി ഈ വഴിയോര വിശ്രമ കേന്ദ്രങ്ങളിൽ ഭക്ഷണശാലകൾ, വൃത്തിയും ശുചിത്വവുമുള്ള ശൗചാലയങ്ങൾ, പെട്രോൾ പമ്പുകൾ, അപകടശുശ്രൂഷാകേന്ദ്രങ്ങൾ, ആംബുലൻസ് സംവിധാനങ്ങൾ, വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കുള്ള സൗകര്യങ്ങൾ മുതലായവ ഏർപ്പെടുത്തുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. പ്രസ്തുത വികസന പ്രവർത്തനങ്ങൾ സ്വകാര്യ പങ്കാളിത്തത്തോടുകൂടിയും കുടുംബശ്രീ പോലുള്ള മറ്റ് സന്നദ്ധ സംഘടനകളുടെ സഹകരണത്തോടുകൂടിയും നടപ്പിലാക്കാനാണ് ലക്ഷ്യ |

മിട്ടുന്നത്. പാതയോരങ്ങളിൽ ഉപയോഗിക്കപ്പെടാതെ കിടക്കുന്ന സർക്കാർ ഭൂമി അന്യാധീനപ്പെട്ട് പോകാതിരിക്കാനും സർക്കാരിന് ഒരു വരുമാന മാർഗ്ഗം ഉണ്ടാക്കാനുമാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. സർക്കാർ ഭൂമി സ്വകാര്യ വ്യക്തികളിൽ എത്തുന്നതിനോ, അന്യാധീനപ്പെട്ട് പോകുന്നതിനോ ഇടയാകാത്ത വിധത്തിലായിരിക്കും പദ്ധതി ആവിഷ്ക്കരിക്കുക.

| | |
|---|---|
| (ഡി) പ്രസ്തുത വികസന പ്രവർത്തനങ്ങൾക്കായി എന്തെങ്കിലും മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; | (ഡി) കേന്ദ്ര ഉപരിതല ഗതാഗതമന്ത്രാലയം ദേശീയപാതാ വികസനത്തിന്റെ ഭാഗമായി വഴിയോര വിശ്രമകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള രൂപരേഖ ആവിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത മാനദണ്ഡങ്ങൾക്കനുസൃതമായിട്ടായിരിക്കും സംസ്ഥാന സർക്കാരും മേൽപ്പറഞ്ഞ വഴിയോര വിശ്രമകേന്ദ്രങ്ങൾ വികസിപ്പിക്കുക. |
| (ഇ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും കെ.ടി.ഡി.സി. പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ പ്രസ്തുത സ്ഥലങ്ങൾ പ്രയോജനപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | (ഇ) പദ്ധതി നടപ്പിലാക്കുമ്പോൾ ഇക്കാര്യങ്ങൾ പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ